# കരിക്കിന്റെ വിപണനസാധ്യതകളുമായി കേര കോള




തൃശ്ശൂർ:നാളികേരത്തിന്റെ ദുരവസ്ഥയിൽ കേഴുന്ന മലയാളിക്ക് ആശ്വാസമെന്ന് അവകാശപ്പെട്ടു കൊണ്ട് തൃശ്ശൂരിൽ നിന്നും ഒരു ഉല്പന്നം വിപണിയിൽ. പ്രകൃതിദത്തമായ ഇളനീർ ഹെൽത്ത്ഡ്രിങ്ക് എന്ന ലേബലിൽ പുറത്തിറങ്ങുന്ന കേര കോള. ഒല്ലൂരിലെ ഹോംലി ഫുഡ്സാണ് ഇത് തയ്യാറാക്കുന്നത്.

രാസപദാർത്ഥങ്ങളൊന്നും ചേർക്കാതെ ശുദ്ധമായ കരിക്കിൻവെള്ളം മാത്രമാണ് കേര കോളയെന്ന് നിർമ്മാതാക്കൾ അവകാശപ്പെടുന്നു. ചെറുതായി കാർബണൈസേഷൻ നടത്തിയിട്ടുണ്ടെന്നു മാത്രം.

സർക്കാർ ഉദ്യോഗസ്ഥനായ ഒല്ലൂർ സ്വദേശി പി.എസ്.രാജീവാണ് കേര കോളയുടെ സൂത്രധാരൻ.

പാലക്കാട് നിന്നും കൊണ്ടുവരുന്ന ഇളനീരാണ് കേര കോളയിൽ ഉപയോഗിക്കുന്നത്. മണ്ണുത്തിയിലെ ഒരു സോഡാ കമ്പനിയിലാണ് ഫിൽട്ടറേഷനും കാർബണേഷനും നടത്തുന്നത്. ശീതീകരണിയിൽ സൂക്ഷിക്കുകയാണെങ്കിൽ15 ദിവസംവരെ ഈ ഉല്പന്നം കേടുകൂടാതെയിരിക്കും.

കേരളത്തിന്റെ തനതു ഉല്പന്നമെന്ന നിലയിലും കുത്തക കമ്പനികളുടെതുൾപ്പടെയുള്ള സോഫ്റ്റ്ഡ്രിങ്കിന്റെ അതേ വിലയേ ഉള്ളൂ എന്ന നിലയിലും കേര കോള പ്രതീക്ഷയ്ക്കു വകനൽകുന്നുണ്ട്.